# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4804** **14.11.2019 -ൽ മറുപടിയ്ക്ക്**

## പഠന പ്രക്രിയയുടെ ഗുണനിലവാരം ഉയർത്താൻ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.പി.കെ. ശശി<br>ശ്രീ.പി.ടി.എ. റഹീം | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ) | പഠന ഫലത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ പ്രകടനം സമഗ്രമായി വിലയിരുത്തിക്കൊണ്ടുള്ള 2019 ലെ എസ്.സി.ഇ.ആർ.ടി. റിപ്പോർട്ടിന്റെ പ്രധാന നിഗമനങ്ങൾ അറിയിക്കാമോ; | എ) | വിദ്യാർത്ഥികളുടെ പ്രകടനം സമഗ്രമായി വിലയിരുത്തിക്കൊണ്ടുള്ള പഠനം 2019 ൽ എസ്.സി.ഇ.ആർ.ടി നടത്തിയിട്ടില്ല. |
| ബി) | മാനവിക വിഷയങ്ങളിലും കണക്കിലും ഇംഗ്ലീഷിലും മികവ് പുലർത്തുന്ന വിദ്യാർത്ഥികൾ ഹൈസ്കൂളിലും ഹയർ സെക്കണ്ടറിയിലും ഇരുപത് ശതമാനത്തിനടുത്ത് മാത്രമാണെന്ന പ്രശ്നം പരിഹരിക്കാൻ സവിശേഷ പദ്ധതികൾ ഉണ്ടോ; | ബി) | പഠന പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള വിവിധ പദ്ധതികൾ വകുപ്പ് തലത്തിൽ നടത്തി വരുന്നുണ്ട്. |
| സി) | ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ വ്യത്യസ്തമായിരിക്കുന്നതിനാൽ ക്ലാസ്സുകളിലെ പഠന പ്രക്രിയയുടെ ഗുണനിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകത പരിഹരിക്കാനായി നടത്തുന്ന പ്രവർത്തനം അറിയിക്കാമോ? | സി) | ഓരോ വിദ്യാർത്ഥിയുടേയും ശേഷിയും പരിമിതിയും തിരിച്ചറിഞ്ഞ് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുന്നതിനായി മെന്ററിംഗിന്റെ ആശയങ്ങൾ ഉൾകൊണ്ട് കൊണ്ട് ഡിജിറ്റൽ പോർട്ടലിന്റെ സഹായത്തോടെയുള്ള സവിശേഷ പദ്ധതി 2019 നവംബർ മാസത്തിൽ ആരംഭിക്കും. ആദ്യഘട്ടത്തിൽ പ്രൈമറിയിലും രണ്ടാംഘട്ടം സെക്കണ്ടറിയിലും ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ